പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1585 | 14.06.2013 ൽ മറുപടിയ്ക്ക് |
|---|---|

**ഒറ്റപ്പാലത്തെ മാതൃകാ അംഗൻവാടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സർക്കാർ ആവിഷ്കരിച്ചിട്ടുള്ള "മാതൃകാ അംഗൻവാടി പദ്ധതി"യുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) വിവിധ ജില്ലകളിലായി സ്വന്തമായി ചുരുങ്ങിയത് 10 സെന്റ് സ്ഥലമുള്ള 83 അംഗൻവാടികളെ മാതൃകാ അംഗൻവാടികളാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിൽ തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ വാമനപുരം,നേമം, പാറശ്ശാല, നെയ്യാറ്റിൻകര, മഞ്ചേശ്വരം, ഉദുമ എന്നീ നിയോജകമണ്ഡലത്തിലെ മാതൃകാ അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിന് കിറ്റ്കോ ലിമിറ്റഡിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര അംഗൻവാടികൾ "മാതൃകാ അംഗൻവാടി സ്കീമിൽ" ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആകെ 140 അംഗൻവാടികളെ മാതൃകാ അംഗൻവാടികളാക്കി ഉയർത്തുന്നതാണ്. ഇതുവരെ വിവിധ ജില്ലകളിലായി 83 അംഗൻവാടികളെ മാതൃകാ അംഗൻവാടികളാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിൽ എത്ര അംഗൻവാടികളുണ്ട്; | (സി)& (ഡി)<br>വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) ഇതിൽ സ്വന്തമായി കെട്ടിടമില്ലാത്തത് എത്ര; വിശദാംശം വെളിപ്പെടുത്താമോ; | |

| | |
|---|---|
| (ഇ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ എതെല്ലാം അംഗൻവാടികളെയാണ് മാതൃകാ അംഗൻവാടികളായി തെരഞ്ഞെടുത്തത്; വിശദമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ; | (ഇ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് അംഗൻവാടിയെ മാതൃകാ അംഗൻവാടിയാക്കി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (എഫ്) പ്രസ്തുത അംഗൻവാടികൾക്ക് എന്തെല്ലാം പ്രത്യേക ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (എഫ്) 10 സെന്റ് സ്ഥലത്തിൽ 1584 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ രണ്ട് നിലകളിലായി പണിയാൻ ഉദ്ദേശിക്കുന്ന മാതൃകാ അംഗൻവാടി കെട്ടിടത്തിൽ ക്ലാസ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലനഹാൾ, ഫീഡിംഗ് റൂം, ശിശു സൗഹൃദ ടോയിലറ്റ്, സ്ത്രീ സൗഹൃദ ടോയിലറ്റ്, കുടിവെള്ള സൗകര്യം,ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം വൃദ്ധരായ സ്ത്രീകളുടെ പകൽ പരിപാലനവും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള സേവനങ്ങളും മാതൃകാ അംഗൻവാടിയിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് -സംയോജിത ശിശുവികസന സേവന പദ്ധതി- മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം-8-അംഗൻവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ) നം:121/2013/സാനീവ** **തീയതി, തിരുവനന്തപുരം, 19 /03/2013**

---

**പരാമർശം :** 1) സ.ഉ(സാധാ)നം. 23/12/സാക്ഷേവ തീയതി 16.01.2012.
2) സ.ഉ(സാധാ)നം. 241/12/സാക്ഷേവ തീയതി 14.05.2012.
3) സ.ഉ(സാധാ)നം. 563/12/സാനീവ തീയതി 24.12.2012.
4) സ.ഉ(സാധാ)നം. 39/13/സാനീവ തീയതി 7.2.2013.
5) സ.ഉ(സാധാ)നം. 69/13/സാനീവ തീയതി 22.2.2013.
6) സാമൂഹ്യനീതിവകുപ്പു ഡയറക്ടറുടെ 23.2.2013 ലെ ഐ.സി.ഡി.എസ്/എ2-25945/11 നമ്പർ കത്ത്.

**ഉത്തരവ്**

ഒരു നിയോജകമണ്ഡലത്തിൽ ഒരു അംഗൻവാടി വീതം മാതൃകാ അംഗൻവാടിയാക്കി മാറ്റുന്നതിനും 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-102-69(പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും കേന്ദ്ര സർക്കാർ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിന് 50% കേന്ദ്ര സഹായമായി അനുവദിച്ചിട്ടുള്ള 5452.49 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (നം.14907) നിക്ഷേപിക്കുന്നതിനും ടി തുക ഉപയോഗിച്ച് മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്നതിനുമുള്ള അനുമതി പരാമർശം (1) പ്രകാരം നൽകുകയുണ്ടായി.

2. സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയും ബന്ധപ്പെട്ട എം.എൽ.എ മാരുടെ എസ്.ഡി.എഫും വിനിയോഗിച്ച് ഒരു അംഗൻവാടിയ്ക്ക് 23.75 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ സ്ഥലങ്ങളിൽ എം.എൽ.എമാർ ശുപാർശ ചെയ്തിട്ടുള്ള 65 അംഗൻവാടികളെ മാതൃകാ അംഗൻവാടികളാക്കി നിർമ്മാണം നടത്തുന്നതിന് പരാമർശം (3),(4),(5) പ്രകാരം അനുമതി നൽകിയിരുന്നു.

3. സംസ്ഥാനത്തിന്റെ വിവിധ നിയോജകമണ്ഡലങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എ മാർ ശുപാർശ ചെയ്തിട്ടുള്ള 8 അംഗൻവാടികൾ കൂടി മാതൃകാ അംഗൻവാടികളാക്കി മാറ്റുന്നതിനായുള്ള നിർദ്ദേശം ഭരണാനുമതിയ്ക്കായി പരാമർശം (6) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി 14907 നമ്പർ അക്കൗണ്ടിൽ ബാക്കിയുള്ള തുകയിൽ നിന്ന് 17 ലക്ഷം രൂപയും ബന്ധപ്പെട്ട എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 6.75 ലക്ഷം രൂപയും വിനിയോഗിച്ച് ഒരു അംഗൻവാടിക്ക് 23.75 ലക്ഷം രൂപ (ഇരുപത്തി മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) നിരക്കിൽ,10 സെന്റ് ലഭ്യമായ അനുബന്ധമായി ചേർത്തിട്ടുള്ളതുമായ പട്ടികയിലെ 8 അംഗൻവാടികൾ കൂടി മാതൃകാ അംഗൻവാടികളാക്കി നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പ്രസ്തുത അനുമതി പരാമർശം (3) ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നതിനു വിധേയമായിരിക്കും.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ഗോവിന്ദൻ നമ്പൂതിരി.വി.എസ്,**
**അഡീഷണൽ സെക്രട്ടറി**

**സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.**
ധനകാര്യ വകുപ്പ്.(21085/ WW3/13/ധന തീയതി 12.3.2013 പ്രകാരം)
വിവര പൊതുജന സമ്പർക്ക് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

| ക്രമ നം. | ജില്ല/എം.എൽ.എ. | ഐസിഡിഎസ് | പഞ്ചായത്ത്, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി | അംഗൻവാടി സെൻറർ നം. | സർവ്വേ നം. | സ്ഥലം വിസ്തീർണ്ണം |
|---|---|---|---|---|---|---|
| 1. | **പാലക്കാട്** ശ്രീ.എച്ച്.ഹംസ (ഒറ്റപ്പാലം) | മണ്ണാർക്കാട് അഡീഷണൽ | തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് | – | 502/4 | 10 സെന്റ് |
| 2. | **കോഴിക്കോട്** ശ്രീ.ഇളമരം കരീം(ബേപ്പൂർ) | അർബൻ-4 കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷൻ, | 115 | റി.സ 8/3 | 10 സെന്റ് |
| 3. | ശ്രീ.ഇ.കെ.വിജയൻ (നാദാപുരം) | തൂണേരി | കാവിലംപാറ പഞ്ചായത്ത് | 103 | - | 10 സെന്റ് |
| 4. | ശ്രീ. എം.കെ.മുനീർ (കോഴിക്കോട് സൗത്ത്) | കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷൻ | 114 | - | 10 സെന്റ് |
| 5. | **എറണാകുളം** ശ്രീ.ബെന്നി ബെഹന്നാൻ (തൃക്കാക്കര) | ഇടപ്പള്ളി | തൃക്കാക്കര | 31 | 364 ബ്ലോക്ക് 9 | 6.96 ആർ |
| 6. | **കോട്ടയം** ശ്രീ.സുരേഷ്കുറുപ്പ് (ഏറ്റുമാനൂർ) | ഏറ്റുമാനൂർ | ആതിരപ്പുഴ | 50 | 205/10 | 5.98 ആർ |
| 7. | **തൃശ്ശൂർ** ശ്രീ.സി.എൻ.ബാല-കൃഷ്ണൻ (വടക്കാഞ്ചേരി) | പുഴക്കൽ | അടാട്ട് ഗ്രാമപഞ്ചായത്ത് | 3 | - | 10 സെന്റ് |
| 8. | **ആലപ്പുഴ** ശ്രീ.കെ.സദാശിവൻ (കായംകുളം ) | - | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | 32 | - | 10 സെന്റ് |

സെക്ഷൻ ഓഫീസർ